**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 815** **14-10-2026-ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് നിലവിലുണ്ടായിരുന്ന ഡിവിഷൻതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി സംസ്ഥാനത്തെ പതിനാല് ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായി കണ്ടൈൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിംവർക്കിൽ (Containment, Mitigation, Compensation – CMC Framework) ഊന്നിയുള്ള ത്രിതല പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്.

**(ബി)** ഹാങ്ങിംഗ് ഫെൻസിംഗ്, സോളാർ ഫെൻസിംഗ് എന്നിവയെ ആധുനികവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**മറുപടി:** ഹാങ്ങിംഗ് ഫെൻസിംഗ്, സോളാർ ഫെൻസിംഗ് എന്നിവയെ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ സൗരോർജ്ജ വേലികൾ ഘട്ടം ഘട്ടമായി സ്മാർട്ട് ഫെൻസുകളാക്കുന്നതിനുള്ള ശ്രമം വനം വകുപ്പ് നടത്തുന്നുണ്ട്. അതിരൂക്ഷസംഘർഷ മേഖലകളിൽ നിർമ്മിതബുദ്ധി ഉപയോഗിച്ച കൊണ്ടുള്ള ത്രിതല സ്മാർട്ട് ഫെൻസ് സംവിധാനവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എ.ഐ. സംവിധാനം ഉപയോഗിച്ചുള്ള ത്രിതല സ്മാർട്ട് ഫെൻസുകൾ തത്സമയ നിരീക്ഷണത്തിനും വന്യമൃഗങ്ങളെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ച് അകറ്റുന്നതിനും പ്രയോജനപ്പെടും.

**സെക്ഷൻ ഓഫീസർ**